"ഭരണഭാഷ മാതൃഭാഷ "

**കേരളസർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്**

**ജി.ഒ(എംഎസ്)നം.20/2024/പി&എആർഡി** **തീയതി, തിരുവനന്തപുരം, 15/10/2024**

---

പരാമർശം:- 1 26/02/1970 ലെ ജി.ഒ(എംഎസ്)നം.63/1970/പി.ഡി

2 02/03/1983 ലെ ജി.ഒ(എംഎസ്)നം.3/83/പി&എആർഡി

3 23/07/2001 ലെ ജി.ഒ(എംഎസ്)നം.8/2001/പി&എആർഡി

4 24/08/2001 ലെ ജി.ഒ(എംഎസ്)നം.10/2001/പി&എആർഡി

5 22/07/2004 ലെ ജി.ഒ(എംഎസ്)നം.9/2004/പി&എആർഡി

6 06/10/2008 ലെ ജി.ഒ(എംഎസ്)നം.8/2008/പി&എആർഡി

7 06/06/2012 ലെ ജി.ഒ(എംഎസ്)നം.27/2012/പി&എആർഡി

8 28/11/2015 ലെ ജി.ഒ(എംഎസ്)നം.34/2015/പി&എആർഡി

9 23/02/2017 ലെ ജി.ഒ(എംഎസ്)നം.7/2017/പി&എആർഡി

10 06/08/2020 ലെ ജി.ഒ(എംഎസ്)നം.8/2020/പി&എആർഡി

11 05/02/2021 ലെ ജി.ഒ(എംഎസ്)നം.3/2021/പി&എആർഡി

12 10/09/2021-ലെ ജി.ഒ(എംഎസ്)നം.20/2021/പി&എആർഡി

**ഉത്തരവ്**

കേരളസർക്കാരിന്റെ ഔദ്യോഗികഭാഷാനയം വിജയകരമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ഭാഷാമാറ്റപുരോഗതി അവലോകനം ചെയ്യുന്നതിന് പരാമർശം (1) ലെ സർക്കാരുത്തരവു പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതലസമിതി രൂപവൽക്കരിച്ചിരുന്നു. ഈ സമിതി സൂചന (2) മുതൽ സൂചന (12) വരെയുള്ള ഉത്തരവുകൾപ്രകാരം യഥാകാലം പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് ഉന്നതതലസമിതി പുന:സംഘടിപ്പിക്കുന്നത് ഉചിതവും ആവശ്യവുമാണെന്ന് സർക്കാർ കരുതുന്നു. അതിനാൽ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി താഴെപ്പറയുംപ്രകാരം പുന:സംഘടിപ്പിച്ചുക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

1. മുഖ്യമന്ത്രി : അധ്യക്ഷൻ
2. സാംസ്കാരികവകുപ്പു മന്ത്രി : ഉപാധ്യക്ഷൻ

**ഔദ്യോഗികാംഗങ്ങൾ**

3. ചെയർപേഴ്സൺ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി
4. ചീഫ് സെക്രട്ടറി
5. സെക്രട്ടറി, ഔദ്യോഗികഭാഷാവകുപ്പ്
6. സെക്രട്ടറി, ധനകാര്യവകുപ്പ്
7. സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്
8. സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്
9. സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
10. ചെയർപേഴ്സൺ, ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മിഷൻ, തിരുവനന്തപുരം
11. ഡയറക്ടർ, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
12. ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
13. അഡീഷണൽ/ ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ) വകുപ്പ്
14. ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്
15. ഭാഷാവിദഗ്ധൻ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

**അനൗദ്യോഗികാംഗങ്ങൾ**

1. ശ്രീ.എം.കെ.ഹരികുമാർ, മേട്ടുംപുറത്ത്, കൂത്താട്ടുകുളം.പി.ഒ, എറണാകുളം-686662.
2. ഡോ. സുനിൽ പി. ഇളയിടം, മുള്ളായപ്പിള്ളി വീട്, കോട്ടുവള്ളി, വടക്കൻ പറവൂർ, എറണാകുളം ജില്ല – 683519
3. പ്രൊഫ.ഷീബാദിവാകരൻ, അഭയം, കൃഷ്ണൻനായർ റോഡ്, കരുവിശ്ശേരി പി.ഒ, കോഴിക്കോട്-10
4. ഡോ.ജെയിംസ് മണിമല, വെള്ളപ്പാമുറിയിൽ, കുരിശുംമൂട് പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം.പിൻ-686104
5. ഡോ.എം.എൻ.ബഷീർ, മാളിയേക്കൽ ഹൗസ്, ചേവായൂർ.പി.ഒ., കോഴിക്കോട്

ഔദ്യോഗികഭാഷാവകുപ്പ് അഡീഷണൽ/ ജോയിന്റ് സെക്രട്ടറി സമിതിയുടെ കൺവീനർ ആയിരിക്കുന്നതും ഈ ഉത്തരവുപ്രകാരം രൂപവൽക്കരിച്ചിട്ടുള്ള സമിതിയുടെ കാലാവധി ഉത്തരവുദിവസം മുതൽ മൂന്നു വർഷമായിരിക്കുന്നതുമാണ്.

**ഉന്നതതലസമിതിയുടെ നടപടിക്രമം**

1. കൺവീനർ, ഔദ്യോഗികഭാഷാവകുപ്പുമന്ത്രിയും സമിതിയുടെ അധ്യക്ഷനുമായ ബഹു. മുഖ്യമന്ത്രിയുമായി ആലോചിച്ച് സമിതി യോഗംചേരുന്നതിനുള്ള സ്ഥലവും തീയതിയും സമയവും നിശ്ചയിക്കേണ്ടതും അതനുസരിച്ച് യോഗം വിളിച്ചുകൂട്ടേണ്ടതുമാണ്.
2. സമിതി ആറു മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.
3. എല്ലാ സർക്കാർ വകുപ്പുകളും സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകളും ഭാഷാമാറ്റം സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളും ഇക്കാര്യത്തിൽ അഭിമുഖീകരിക്കുന്ന

പ്രശ്നങ്ങളും സംബന്ധിച്ച് ത്രൈമാസറിപ്പോർട്ട് തൊട്ടടുത്തമാസം 10-ാം തീയതിക്കകം ഔദ്യോഗികഭാഷാവകുപ്പിലേക്ക് അയക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടുകൾ അവലോകനംനടത്തുന്നതിനുവേണ്ടി ഔദ്യോഗികഭാഷാവകുപ്പ് ഉന്നതതലസമിതി മുമ്പാകെ വയ്ക്കേണ്ടതാണ്. സമിതിയുടെ തീരുമാനമനുസരിച്ച് ഔദ്യോഗികഭാഷാവകുപ്പ് മേൽനടപടികൾ കൈക്കൊള്ളേണ്ടതാണ്.

**ഉന്നതതലസമിതിയുടെ കർത്തവ്യങ്ങൾ**

1. ഭാഷാമാറ്റപുരോഗതി അവലോകനം ചെയ്യുക
2. ഭാഷാമാറ്റപരിപാടിയിലെ പോരായ്മകൾ പഠിച്ച് പരിഹാരമാർഗങ്ങൾ നിർദേശിക്കുക
3. ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദേശിക്കുക
4. മാറിമാറിവരുന്ന പരിത:സ്ഥിതികൾ ഭാഷാമാറ്റത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പഠിച്ച് പരിഹാരമാർഗങ്ങൾ നിർദേശിക്കുക.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി
ചെയർപേഴ്സൺ, ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി (ആമുഖക്കത്തു സഹിതം)
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/
പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ
നിയമസഭ സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരള, തിരുവനന്തപുരം
ഉന്നതതലസമിതിയംഗങ്ങൾ
വെബ് & ന്യൂമീഡിയ വിഭാഗം, വിവര-പൊതുജനസമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം
V. [signature]
സെക്ഷൻ ഓഫീസർ